LIBRARY ARCHIVES Kerala Legislative Assembly

വിവിധ ആശുപത്രികളിലെ ഡോക്ടർമാരുടെ തസ്തികകളും ഒഴിവുകളും

26 (2577) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എല്ലാ ആശുപത്രികളിലും ജനറൽ ആശുപത്രികളിലും സ്ത്രീകളുടേയും കുട്ടികളുടെയും ആശുപത്രികളിലും മറ്റു സ്പെഷ്യലിസ്റ്റ് ആശുപത്രികളിലുമായി എത്ര സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തികകൾ നിലവിലുണ്ടെന്നുള്ള ആശുപത്രി തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ഓരോ ആശുപത്രിയിലും എത്ര ഡോക്ടർമാരുടെ തസ്തികകൾ ഒഴിവുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) കേരളത്തിലെ വിവിധ താലൂക്ക് ആശുപത്രികളിൽ ഓരോന്നിലും എത്ര തസ്തികകളുണ്ടെന്നും നിലവിൽ എത്ര ഒഴിവുകളുണ്ടെന്നും വ്യക്തമാക്കുമോ ;

(ഡി) കേരളത്തിലെ വിവിധ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലായി ആകെ എത്ര ഡോക്ടർമാരുടെ തസ്തികകളുണ്ടെന്നും നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നുമുള്ള ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ഇ) വിവിധ ആശുപത്രികളിലെ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിശദ വിവരം അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.*

(സി) വിവരം അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.*

(ഡി) വിവരം അനുബന്ധം-III ആയി ചേർത്തിരിക്കുന്നു.*

(ഇ) അസിസ്റ്റന്റ് സർജന്മാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സിവിൽ സർജൻ തസ്തികയിലെ ഒഴിവ് പ്രൊമോഷൻ മുഖേന നികത്താൻ നടപടി സ്വീകരിച്ചുവരുന്നു. സർവ്വീസിലുള്ള ഡോക്ടർമാരിൽ പി. ജി ബിരുദമുള്ളവരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യാലിറ്റി കേഡർ നിയമനം വഴി ജൂനിയർ കൺസൾട്ടന്റുമാരുടെ ഒഴിവുകളും നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പി.എസ്.സി./ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നിയമനം മുഖേന നികത്തേണ്ടവ അത്തരം നിയമനംവഴിയും നികത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരികയാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.